**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1914** **10.03.2020** – ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വനിത-ശിശുവികസനവും<br>വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശ്വാസകിരണം പദ്ധതി വഴി എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23,804 അപേക്ഷകളടക്കം 2017 മാർച്ച് വരെ ലഭിച്ച 90.251 പേർക്ക് 82 കോടി രൂപ 2017 മാർച്ച് വരെയുള്ള ധനസഹായമായി സർക്കാർ നൽകിയിട്ടുണ്ട്. തുടർന്ന്, 2017-18 കാലയളവിൽ 1,02,952 പേർക്ക് 2017 ഏപ്രിൽ മുതൽ 2017 ഒക്ടോബർ വരെ 73 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ ആകെ 1,20,301 പേർക്ക് 2017 നവംബർ മുതൽ 2018 ജൂൺ വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 6,584 പേർ മരണപ്പെട്ടുകയും ബാക്കിയുള്ള 1,13,717 പേർക്ക് 2018 ഡിസംബർ വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങളിൽ പറയുന്ന കുടുംബവാർഷിക വരുമാന പരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (ബി) | നിലവിലുള്ള മാനദണ്ഡപ്രകാരം തന്നെ ഗുണഭോക്താക്കൾക്കെല്ലാം ധനസഹായം നല്കാൻ വാർഷിക ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ സാഹചര്യത്തിൽ വരുമാനപരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | 2020-21 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ആശ്വാസകിരണം പദ്ധതി വഴിയുള്ള ധനസഹായം കുടിശ്ശികയായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. 2019 ജനുവരി മുതലുള്ള കുടിശ്ശിക ധനസഹായം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർണ്ണമായി നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ